
09
2021
ഒക്ടോബർ
ശനി
1197
കന്നി 22

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 169 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-169 പേജ് 4. വില 2.00 രൂപ




02 അഫ്ഗാനിലെ പള്ളിയിൽ ചാവേറാക്രമണം; നൂറിലധികം പേർ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ട്
03 ഐ4ജി 2021' പദ്ധതിയിലേക്ക് സ്റ്റാർട്ടപ്പുകളെ ക്ഷണിച്ച് കേരളം
04 ലഖിംപൂർ സംഭവം: അന്വേഷണത്തിൽ തൃപ്തിയില്ലെന്ന് സുപ്രീംകോടതി


സ്കൂൾ തുറക്കുന്നത് സംബന്ധിച്ച മാർഗരേഖ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി ആരോഗ്യമന്ത്രി വീണാ ജോർജിന് കൈമാറുന്നു.

# കുട്ടികൾ സ്കൂളിലേക്ക്; അന്തിമ മാർഗരേഖയായി

തിരുവനന്തപുരം: സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട അന്തിമ മാർഗരേഖ പുറത്തിറക്കി. തിരികെ സ്കൂളിലേക്ക് എന്ന തലക്കെട്ടോടെ പുറത്തിറക്കിയ മാർഗരേഖയിൽ എട്ട് വിഭാഗങ്ങളുണ്ട്. വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയും ആരോഗ്യ മന്ത്രി വീണാ ജോർജും ചേർന്നാണ് മാർഗരേഖ പുറത്തിറക്കിയത്.

സ്കൂൾ തുറക്കുന്പോൾ ക്ലാസ് മുറികളെ ബയോ ബബിളായി പരിഗണിക്കും. ആദ്യ രണ്ടാഴ്ച ഉച്ചവരെ മാത്രമാണ് ക്ലാസുകൾ. കുട്ടികൾ കൂട്ടം കൂടുന്നില്ലെന്ന് അധ്യാപകർ ഉറപ്പുവരുത്തണമെന്നും മാർഗരേഖയിൽ വ്യക്തമാക്കുന്നു.

രണ്ട് ഡോസ് വാക്സീൻ അധ്യാപകർക്കും അനധ്യാപകർക്കും നിർബന്ധമാണ്. സ്കൂൾ ബസിലെ ജീവനക്കാരും വാക്സീൻ എടുത്തവരാകണം. ജീവനക്കാർക്ക് പുറമേ സ്കൂൾ പ്രദേശത്തെ കടകളിലെ ജീവനക്കാരും വാക്സീൻ എടുക്കണമെന്നും മാർഗരേഖയിൽ പറയുന്നു.

സ്കൂൾ തുറന്നാലും ഒപ്പം ഡിജിറ്റൽ ക്ലാസും ഉണ്ടാകും. രക്ഷിതാക്കളുടെ സമ്മതമുള്ള കുട്ടികൾ മാത്രം സ്കൂളിലെത്തിയാൽ മതി. എല്ലാവരും സ്കൂളിലേക്ക് എത്തണമെന്ന് നിർബന്ധവുമില്ല. വിപുലമായ അക്കാദമിക് കലണ്ടറും പ്രസിദ്ധീകരിക്കും. ടൈംടേബിൽ പ്രത്യേകം ഉചിതമായി സജ്ജമാക്കും. കെഎസ്ആർടിസി വിദ്യാർഥികൾക്ക് മാത്രമായി സർവീസ് നടത്തും. സ്കൂൾ ബസ് ഇല്ലാത്തിടത്ത് ജനകീയ പങ്കാളിത്തത്തോടെ പകരം വാഹനം ഒരുക്കും. ഓട്ടോയിൽ പരമാവധി മൂന്ന് വിദ്യാർഥികൾക്ക് മാത്രമാണ് യാത്രാനുമതി. ഓരോ ക്ലാസിനും പിടിഎ യോഗം വിളിക്കും. സ്കൂളുകളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം. ഓൺ കോളിൽ എത്താവുന്ന ഡോക്ടർ സ്കൂളിനായി ഉണ്ടാവണം. പോലീസ് ഓഫീസർമാർക്കും പ്രത്യേക ചുമതല നൽകും. ആറ് വകുപ്പുകൾക്ക് ഏകോപന ചുമതല നൽകും.

പൊതു അവധി അല്ലാത്ത ശനിയാഴ്ചകൾ പ്രവൃത്തി ദിവസമായിരിക്കും. ഉച്ചഭക്ഷണം നൽകുന്നത് സ്കൂളുകളുടെ സാഹചര്യം പരിഗണിച്ചായിരിക്കുമെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞു.

വിദ്യാഭ്യാസമന്ത്രി, ആരോഗ്യമന്ത്രി, ആരോഗ്യവകുപ്പ് സ്പെഷൽ സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ് സ്പെഷൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ സെക്രട്ടറി എന്നിവരുമായി ചേർന്ന് ഉന്നത തല യോഗം ചേർന്നിരുന്നു. ഇതിൽ രൂപീകരിച്ച നാല് അംഗ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് മാർഗ നിർദ്ദേശങ്ങൾ തയാറാക്കിയിരിക്കുന്നത്.

# സംസ്ഥാനത്ത് രണ്ടാം ഡോസ് വാക്സിനേഷൻ 43.4 ശതമാനം

തിരുവനന്തപുരം: കേരളത്തിൽ വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 93.2 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,49,16,918), 43.4 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും (1,16,12,574) നൽകി.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (10,23,251)ന്മ 45 വയസിൽ കൂടുതൽ പ്രായമുള്ള 97 ശതമാനത്തിലധികം ആളുകൾക്ക് ഒറ്റ ഡോസും 61 ശതമാനം പേർക്ക് രണ്ട് ഡോസും വാക്സിനേഷൻ സംസ്ഥാനം നൽകിയിട്ടുണ്ട്.

ഇന്നത്തെ റിപ്പോർട്ട് പ്രകാരം, 10,944 പുതിയ രോഗികളിൽ 9140 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 3104 പേർ ഒരു ഡോസ് വാക്സിനും 3137 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 2899 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിൻറെയും മരണത്തിൻറെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു.

സെപ്റ്റംബർ 28 മുതൽ ഒക്ടോബർ നാല് വരെയുള്ള കാലയളവിൽ, ശരാശരി 1,42,680 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ രണ്ട് ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും ഒരു ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്.

ഈ കാലയളവിൽ കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 29,960 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 26 ശതമാനവും കുറവ് ഉണ്ടായിട്ടുണ്ട്.

നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെൻറിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 12, 12, 24, 10, 8, 13 ശതമാനമായി കുറഞ്ഞു. ആശുപത്രിവാസത്തിൻറെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.

ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ കോവിഡ് ബാധിതരായ വ്യക്തികളിൽ ആറ് ശതമാനം പേർ കോവിഡ് വാക്സിൻറെ ഒരു ഡോസ് എടുക്കുകയും, 3.6 ശതമാനം കോവിഡ് വാക്സിൻറെ രണ്ടാം ഡോസുകൾ എടുക്കുകയും ചെയ്തിരുന്നു.

അണുബാധ തടയാൻ വാക്സിനേഷനുശേഷമുള്ള രോഗപ്രതിരോധശേഷി ഫലപ്രദമാണെന്നും, എന്നാൽ വാക്സിനേഷൻ എടുത്ത ആളുകൾക്ക് കുറഞ്ഞ അളവിലെങ്കിലും രോഗബാധ ഉണ്ടായേക്കാം എന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ അനുബന്ധ രോഗങ്ങൾ ഉള്ളവർ രോഗം വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

# എയർ ഇന്ത്യയെ സ്വന്തമാക്കി ടാറ്റ



ന്യൂഡൽഹി: എയർ ഇന്ത്യയെ സ്വന്തമാക്കി ടാറ്റ. 18,000 കോടി രൂപയ്ക്കാണ് ഇന്ത്യയുടെ ഔദ്യോഗിക വിമാനക്കമ്പനിയായിരുന്ന എയർ ഇന്ത്യ ടാറ്റ സൺസ് സ്വന്തമാക്കിയത്. ടാലാസ് എന്ന ഉപകമ്പനിയുടെ പേരിലാണ് ടാറ്റ സൺസ് എയർ ഇന്ത്യ വാങ്ങിയിരിക്കുന്നത്.

എയർ ഇന്ത്യയ്ക്ക് പുറമെ എയർ ഇന്ത്യ എക്സ്പ്രസും ഗ്രൗണ്ട് ഹാൻഡലിംഗ് വിഭാഗമായ എയർ ഇന്ത്യ സാറ്റ്സിൻറെ 50 ശതമാനം ഓഹരികളും ഇനി ടാറ്റ സൺസിന് സ്വന്തമായിരിക്കും. സ്പൈസ് ജെറ്റായിരുന്നു ലേലത്തിൽ ടാറ്റയുടെ പ്രധാന എതിരാളി.

2020 ഡിസംബറിലാണ് നഷ്ടത്തിൽ പറക്കുന്ന എയർ ഇന്ത്യയുടെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. 1932 ൽ ജെ ആർഡി ടാറ്റ സ്ഥാപിച്ച ടാറ്റ എയർലൈൻസ് ആണു പിൽക്കാലത്ത് എയർഇന്ത്യ ആയി മാറിയത്.

# അഭിപ്രായ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവർ; സമാധാനത്തിനുള്ള നൊബേൽ മാധ്യമപ്രവർത്തകർക്ക്

ഒസ്ലോ: സമാധാനത്തിനുള്ള നൊബേൽ പുരസ്കാരം പ്രഖ്യാപിച്ചു. മരിയ റേസ, ദിമിത്രി മുറാതോവ് എന്നീ മാധ്യമപ്രവർത്തകർക്കാണ് പുരസ്കാരം ലഭിച്ചത്. അഭിപ്രായ സ്വാതന്ത്രത്തിനു വേണ്ടിയുള്ള പോരാട്ടമാണ് ഇവരെ പുരസ്കാരത്തിന് അർഹരാക്കിയത്.

ഫിലിപ്പീൻസ് സ്വദേശിനിയാണ് മരിയ റേസ. അഭിപ്രായ സ്വാതന്ത്ര്യം നേടുന്നതിനായി അധികാര വർഗത്തോടാണ് ഇവർ പോരാടിയത്. അന്വേഷണാത്മക പത്രപ്രവർത്തനം നടത്തുന്നതിന് 2012ൽ സ്ഥാപിച്ച റാപൽ എന്ന ഡിജിറ്റൽ മീഡിയ സ്ഥാപനത്തിൻറെ സ്ഥാപകരിൽ ഒരാളാണ് മരിയ.

റഷ്യൻ സ്വദേശിയാണ് ദിമിത്രി മുറാതോവ്. അഭിപ്രായ സ്വാതന്ത്ര്യത്തിനായി പതിറ്റാണ്ടുകൾ നീണ്ട പോരാട്ടമാണ് ദിമിത്രി നടത്തിയത്. നോവാജോ ഗസറ്റയുടെ സ്ഥാപകരിലൊരാലാണ് ദിമിത്രി.

# നിയമസഭാ തെരഞ്ഞെടുപ്പിലെ പരാജയം; മൂന്നംഗ സമിതിയെ നിയോഗിച്ച് കോൺഗ്രസ്

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർഥികളുടെ ദയനീയ പരാജയത്തെക്കുറിച്ച് പഠിക്കാൻ മൂന്നംഗ സമിതിയെ കോൺഗ്രസ് നിയോഗിച്ചു. കെ. മോഹൻകുമാർ, പി.ജെ. ജോയി, കെ.പി. ധനപാലൻ എന്നിവരാണ് സമിതി അംഗങ്ങൾ.

കൂടാതെ 97നേതാക്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. അച്ചടക്ക നടപടിക്കും കോൺഗ്രസ് തുടക്കമിട്ടു. കായംകുളം, അടൂർ, പീരുമേട്, തൃശൂർ, ബാലുശേരി എന്നിവിടങ്ങളിലാണ് അന്വേഷണം.

ചവറ, കുന്നത്തൂർ, ഇടുക്കി, അഴിക്കോട് എന്നിവിടങ്ങളിലെ തോൽവിയെക്കുറിച്ചും അന്വേഷിക്കും. ഇലക്ഷൻ സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നും ലഭിച്ച സംഘടനാപരമായതും പൊതുജനമധ്യത്തിൽ പാർട്ടിക്ക് അവമതിപ്പ് ഉണ്ടാക്കിയതുമായ 58 പരാതികൾ പ്രത്യേകമായി പരിശോധിക്കും.

സ്ഥാനാർഥികൾക്ക് ദോഷകരമായി പ്രവർത്തിക്കുന്നതും തെരഞ്ഞെടുപ്പ് കാലത്ത് മാറിനിൽക്കുന്നതും സജീവമായി പ്രവർത്തിക്കാത്തതും കർശനമായി വിലയിരുത്തി നടപടികളുമായി മുന്നോട്ട് പോകും.

# മുംബൈയിൽ വൻ ലഹരിമരുന്ന് വേട്ട; 125 കോടിയുടെ ഹെറോയിൻ പിടികൂടി

മുംബൈ: മുംബൈയിൽ വൻ ലഹരിമരുന്ന് വേട്ട. 125 കോടി രൂപ വിലമതിക്കുന്ന 25 കിലോ ഹെറോയിയിൻ നവഷേവ തുറമുഖത്തു നിന്നുമാണ് പിടികൂടിയത്.

ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇൻറലിജൻസ്(ഡിആർഐ) ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിലാണ് ഹെറോയിൻ കണ്ടെത്തിയത്. ഇറാനിൽ നിന്നുമെത്തിയ കപ്പലിലെ കണ്ടെയ്നറിൽ ഒളിപ്പിച്ച നിലയിലായിരുന്നു മയക്കുമരുന്ന്.

സംഭവത്തിൽ ജയേഷ് ഷംഗ്വി എന്ന വ്യവസായിയെ പിടികൂടി. ഇയാളെ ചോദ്യം ചെയ്തുവരികയാണ്.



# ആര്യൻ ഖാൻ അകത്ത് തന്നെ; ജാമ്യാപേക്ഷ തള്ളി

മുംബൈ: ആഡംബര കപ്പലിലെ ലഹരിപാർട്ടിക്കിടെ നാർകോട്ടിക്സ് കൺട്രോൾ ബ്യൂറോ(എൻസിബി)യുടെ പിടിയിലായ ബോളിവുഡ് സൂപ്പർ താരം ഷാരുഖ് ഖാൻറെ മകൻ ആര്യൻ ഖാൻറെ ജാമ്യാപേക്ഷ തള്ളി. ഇതോടെ ആര്യൻ ജുഡീഷൽ കസ്റ്റഡി തുടരും.

മയക്കുമരുന്നു കേസിൽ ആര്യൻ ഖാനടക്കം എട്ട് പേരെ കഴിഞ്ഞ ദിവസം14 ദിവസത്തേക്ക്കൂടി ജുഡീഷൽ കസ്റ്റഡിയിൽ വിട്ടിരുന്നു. മുംബൈ കോടതിയാണ് കേസ് പരിഗണിച്ചത്. ആര്യൻ ഖാൻ, അർബാസ് മെർച്ചൻറ്, മുൺമുൺ ധമേച്ച എന്നിവർക്കൊപ്പം കപ്പലിൽനിന്നു പിടികൂടിയ നൂപുർ സരിക, ഇസ്മീത് സിംഗ്, മൊഹക് ജസ്വാൾ, വിക്രാന്ത് ഛോക്കർ, ഗോമിത് ചോപ്ര എന്നിവരാണ് ജുഡീഷൽ കസറ്റഡിയിൽ കഴിയുന്നത്. മയക്കുമരുന്നു വില്പന, കൈവശംവയ്ക്കൽ, ഉപയോഗിക്കൽ എന്നീ കുറ്റങ്ങളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്.

# മികച്ച പുനരധിവാസ കേന്ദ്രവുമായി പട്ടം എസ് യു ടി ആശുപത്രി

തിരുവനന്തപുരം: ആരോഗ്യ പരിപാലനരംഗത്ത് ഒരു നൂതന അധ്യായം രചിച്ചു കൊണ്ട് എസ് യു ടി പട്ടം രംഗത്ത്. ജോൺസൺ ആൻഡ് ജോൺസൺന്റെ ഒരു പുതിയ സംരംഭമായ 'ജോഗോ'യുമായി ചേർന്ന് പട്ടം എസ് യു ടി ആശുപത്രി ഒരു പുനരധിവാസ കേന്ദ്രം ആരംഭിച്ചിരിക്കുന്നു. കൗൺസിലിംഗ്, സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, വിഷ്വൽ ഓഡിയോ ബയോ ഫീഡ്ബാക്ക് ഉപകരണം പോലുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ചികിത്സാ രീതികൾ എന്നിങ്ങനെ വിവിധ സേവനങ്ങളാണ് ഈ പുനരധിവാസ കേന്ദ്രത്തിൽ ലഭ്യമാവുക. ലോകോത്തര നിലവാരം പുലർത്തുന്ന ഈ കേന്ദ്രത്തിന്റെ ഉദ്ഘാടനം ആശുപത്രിയിൽ വച്ച് നടന്നു. ആശുപത്രിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജോഗോയുടെ വൈസ് പ്രസിഡന്റ് ഡോ. ശ്യാം രാമ മൂർത്തി നൂതന ചികിത്സാ രീതിയെക്കുറിച്ച് വിശദീകരണം നൽകി. എസ് യു ടിയിലെ കൺസൽട്ടന്റ്മാരും ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.





വർക്കല: താലൂക്കിലെ മടവൂർ സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിര ഉദ്ഘാടനം



നാരീശക്തി പുരസ്കാര ജേതാവ് ഭാഗീരഥി അമ്മയ്ക്ക് ലഭിച്ച ഫലകവും സാക്ഷ്യപത്രവും അവകാശികളായ ബന്ധുക്കൾക്ക് ജില്ലാ കലക്ടർ അഫ്സാന പർവീൺ കൈമാറുന്നു

# സ്വപ്ന സുരേഷിനെതിരെ ചുമത്തിയ കോഫെപോസ ഹൈക്കോടതി റദ്ദാക്കി

കൊച്ചി: സ്വർണക്കടത്ത് കേസിലെ പ്രതി സ്വപ്ന സുരേഷിനെതിരെ ചുമത്തിയ കോഫെപോസ വകുപ്പ് ഹൈക്കോടതി റദ്ദാക്കി. കോഫെപോസ ചുമത്താൻ മതിയായ കാരണങ്ങളില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി നടപടി. സ്വപ്നയ്ക്കെതിരെ കോഫെപോസ ചുമത്തിയതിനെ ചോദ്യം ചെയ്ത് അമ്മയാണ് ഹൈക്കോടതിയെ സമീപിച്ചത്. കള്ളക്കടത്തുനിരോധന നിയമമായ കോഫെപോസ പ്രകാരം ഒരാളെ ഒരു വർഷം കരുതൽ തടങ്കലിൽ വയ്ക്കാം. നിലവിൽ കോഫെപോസ പ്രകാരം തിരുവനന്തപുരം അട്ടക്കുളങ്ങര ജയിലിലാണ് സ്വപ്ന.

# കെഎസ്ആർടിസിയിലെ മദ്യവിൽപ്പന; ചർച്ച തുടരും: ഗതാഗത മന്ത്രി

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് സ്റ്റാൻഡുകളിൽ ബെവ്കോ ഔട്ട്ലറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പുരോഗമിക്കുകയാണെന്ന് ഗതാഗത മന്ത്രി ആൻറണി രാജു. കെഎസ്ആർടിസി ഡിപ്പോകളും സ്റ്റാൻഡും ഇല്ലാത്ത ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ ഔട്ട്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയാണെന്നും ഇക്കാര്യത്തിൽ ബെവ്കോയുമായി ചർച്ച തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. അതേ സമയം, സംസ്ഥാനത്തെ ബീവറേജ് കോർപ്പറേഷന് കീഴിലുള്ള മദ്യ വിൽപ്പന ശാലകൾ തുറന്നു പ്രവർത്തിക്കുന്ന സമയത്തിൽ മാറ്റം. രാവിലെ 10 മുതൽ രാത്രി ഒൻപത് വരെ ബെവ്കോ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കും. വെള്ളിയാഴ്ച മുതലാണ് സമയക്രമത്തിൽ മാറ്റം. അതേസമയം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാറുകളുടെ പ്രവർത്തന സമയത്തിൽ മാറ്റമില്ല. രാവിലെ 11 മുതൽ രാത്രി ഒൻപത് വരെയായിരിക്കും ബാറുകൾ പ്രവർത്തിക്കുക.

# ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഒരു ലക്ഷം പച്ചക്കറി തൈകൾ വിതരണം

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഒരുലക്ഷം ശീതകാല പച്ചക്കറി തൈകൾ വിതരണം ചെയ്യും. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 'പുനർജനി ചാത്തന്നൂർ' പദ്ധതിയിലുൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ചാത്തന്നൂർ, ചിറക്കര, കല്ലുവാതുക്കൽ, ആദിച്ചനല്ലൂർ, പൂയപ്പള്ളി, പൂതക്കുളം പഞ്ചായത്തുകളിലും പരവൂർ മുനിസിപ്പാലിറ്റിയിലും ഉൾപ്പെടുന്ന കർഷകർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ അഗ്രോ സർവീസ് സെന്ററിന്റെ നേതൃത്വത്തിലാണ് ഗുണമേ യുള്ള പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നത്. ഇതോടൊപ്പം ശാസ്ത്രീയപരിചരണം സംബന്ധിച്ച പരിശീലന പരിപാടികളും നടക്കും. ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കർഷകർ അതാത് കൃഷിഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. പരവൂർ മുൻസിപ്പാലിറ്റിയിൽ നാളെ (ഒക്ടോബർ 09) ജി. എസ്. ജയലാൽ എം.എൽ.എ വിതരണോദ്ഘാടനം നിർവഹിക്കും.

# താത്കാലിക അധ്യാപക ഒഴിവ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിന്റെ നിയന്ത്രണത്തിലുള്ള ജി.ഐ.എഫ്.ഡി കണ്ടളയിൽ ഇംഗ്ലീഷ് താത്കാലിക അധ്യാപക ഒഴിവിലേക്ക് നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദം, സെറ്റ്/ ബി.എഡ്/ പി.എച്ച്.ഡി (ഹയർ സെക്കൻഡറി അധ്യാപക യോഗ്യത) തുടങ്ങിയവയാണ് വിദ്യാഭ്യാസ യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 13ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 04712222935.

# കേരളത്തിൽ ഇന്ന് 10,944 പേർക്ക് കോവിഡ്; ആകെ മരണം 26,000 കടന്നു

തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 10,944 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 1495, തിരുവനന്തപുരം 1482, തൃശൂർ 1311, കോഴിക്കോട് 913, കോട്ടയം 906, മലപ്പുറം 764, കണ്ണൂർ 688, കൊല്ലം 672, ആലപ്പുഴ 627, പത്തനംതിട്ട 557, പാലക്കാട് 548, ഇടുക്കി 432, വയനാട് 389, കാസർഗോഡ് 160 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 95,510 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 227 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 332 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,71,196 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,56,899 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 14,135 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 892 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 1,16,645 കോവിഡ് കേസുകളിൽ, 10.5 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 120 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 26,072 ആയി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 43 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

10,397 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 443 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 61 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 12,922 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2104, കൊല്ലം 1072, പത്തനംതിട്ട 492, ആലപ്പുഴ 716, കോട്ടയം 913, ഇടുക്കി 299, എറണാകുളം 1212, തൃശൂർ 1433, പാലക്കാട് 767, മലപ്പുറം 1047, കോഴിക്കോട് 1393, വയനാട് 285, കണ്ണൂർ 970, കാസർഗോഡ് 219 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,16,645 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 46,31,330 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ഇടുക്കിയിൽ ആദ്യത്തെ സ്ട്രോക്കിനുള്ള ത്രോമ്പോലൈസിസ് ചികിത്സ വിജയം

തിരുവനന്തപുരം: ഇടുക്കി ജില്ലയിൽ സ്ട്രോക്കിനുള്ള ത്രോമ്പോലൈസിസ് ചികിത്സ തൊടുപുഴ താലൂക്ക് ആശുപത്രിയിൽ വിജയകരമായി നടത്തി. വണ്ണാപുരം സ്വദേശിയ്ക്കാണ് (68) ഈ ചികിത്സ നൽകിയത്. ന്യൂറോളജിസ്റ്റ് ഡോ. ജോബിൻ മാത്യുവിന്റെ നേതൃത്വത്തിലാണ് ത്രോമ്പോലൈസിസ് ചികിത്സ വിജയകരമായി പൂർത്തിയാക്കിയത്.

മലയോര ജില്ലയായ ഇടുക്കിയെ സംബന്ധിച്ച് ഇത് വലിയൊരു നേട്ടമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇടുക്കി ജില്ലയിൽ സ്വകാര്യ ആശുപത്രികളിൽ പോലും ലഭിക്കാത്ത ഈ ചികിത്സ ഒരു സർക്കാർ ആശുപത്രിയിൽ ലഭിക്കുന്നത് ഈ ജില്ലയിലെ സാധാരണക്കാർക്ക് ഏറെ ആശ്വാസകരമാണ്. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ വിലവരുന്ന ഈ ചികിത്സ പൂർണമായും സൗജന്യമായാണ് നൽകിയത്. ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങി എല്ലാവരേയും മന്ത്രി അഭിനന്ദിച്ചു.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ കീഴലുള്ള പക്ഷാഘാത നിയന്ത്രണ പരിപാടിയുടെ (ശിരസ്) ഭാഗമായാണ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. സംസ്ഥാനത്തെ പത്താമത്തെ സ്ട്രോക്ക് യൂണിറ്റാണ് ഇടുക്കി താലൂക്ക് ആശുപത്രിയിൽ സജ്ജമാക്കിയത്. പക്ഷാഘാതത്തിന്റെ ലക്ഷണങ്ങളാരംഭിച്ച് കഴിഞ്ഞാൽ നാലര മണിക്കൂറിനുള്ളിൽ ഈ ചികിത്സ നൽകിയെങ്കിൽ മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ ഇടുക്കി ജില്ലയിലെ ജനങ്ങൾക്ക് പക്ഷാഘാത ചികിത്സ ലഭിക്കണമെങ്കിൽ മറ്റ് ജില്ലകളിലെ പ്രധാന ആശുപത്രികളിൽ ആശ്രയിക്കേണ്ട അവസ്ഥയായിരുന്നു നിലിലുണ്ടായിരുന്നത്. ഈ ആശുപത്രികളിൽ എത്തുമ്പോൾ വിൻഡോ പീരീഡായ നാലര മണിക്കൂർ കഴിയാൻ സാധ്യതയുള്ളതിനാൽ പലപ്പോഴും ചികിത്സ വിജയിക്കില്ലായിരുന്നു. അതിനാൽ തന്നെ ഈ ചികിത്സാ വിജയം ഇവിടത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമാകും.

# അഫ്ഗാനിലെ പള്ളിയിൽ ചാവേറാക്രമണം; നൂറിലധികം പേർ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ട്

കാബൂൾ ന്ന വടക്കൻ അഫ്ഗാനിസ്ഥാനിലെ കുന്ദൂസിൽ മുസ്!ലിം പള്ളിയിലുണ്ടായ ചാവേറാക്രമണത്തിൽ നൂറിലധികം പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. നിരവധി പേർക്ക് പരുക്കേറ്റു. ഗൊസാർഇസെയ്ദ് അബാദ് പള്ളിയിൽ !വെള്ളിയാഴ്ച നമസ്കാരത്തിനിടെയാണ് സ്ഫോടനമുണ്ടായത്. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല യുഎസ്, നാറ്റോ സൈന്യം അഫ്ഗാൻ വിട്ടതിനുശേഷം നടക്കുന്ന ഏറ്റവും വലിയ ആക്രമണമാണിത്. സ്ഫോടനത്തിന് പിന്നിൽ ഐഎസ് ആണെന്ന് താലിബാൻ ആരോപിച്ചു. ഷിയാ മുസ്ലിംകൾക്ക് ഭൂരിപക്ഷമുള്ള പ്രദേശമാണ് കുന്ദൂസ്. ന്യൂനപക്ഷമായ ഷിയാ മുസ്ലിംകൾക്കു നേരേ ഐഎസ് നിരന്തരം ആക്രമണം നടത്താറുണ്ട്. ഷിയാ സഹോദരങ്ങളുടെ സുരക്ഷ താലിബാൻ ഉറപ്പുവരുത്തുമെന്ന് കുന്ദൂസ് പ്രവിശ്യ പൊലീസ് ഉപമേധാവി മുഹമ്മദ് ഒബൈദ പറഞ്ഞു. കഴിഞ്ഞ ഞായറാഴ്ച കാബൂളിലെ മുസ്ലിം പള്ളിയിലും ബോംബ് സ്ഫോടനം നടന്നിരുന്നു. പള്ളിയുടെ കവാടത്തിൽ നടന്ന സ്ഫോടനത്തിൽ 12 പേർ കൊല്ലപ്പെടുകയും 32 പേർക്ക് ഗുരുതരമായി പരുക്കേൽക്കുകയും ചെയ്തു

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

മനയിൽകുളങ്ങര സർക്കാർ വനിതാ ഐ.ടി.ഐ ഡ്രസ്സ് മേക്കിങ് ട്രേഡിൽ ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 12 ന് രാവിലെ 10 മണിക്ക് ഐ.ടി.ഐയിൽ നടത്തും. യോഗ്യത ഫാഷൻ അപ്പാരൽ ടെക്നോളജിയിൽ ബിരുദം ഒരു വർഷത്തെ പ്രവർത്തി പരിചയം/ഡ്രസ്സ് മേക്കിങ്/ഗാർമെന്റ് ഫാബ്രിക്കേറ്റഡ് ടെക്നോളജി/കോസ്റ്റ്യൂം ഡിസൈനിംഗ് ഡിപ്ലോമ, രണ്ടു വർഷത്തെ പ്രവൃത്തി പരിചയം /ഡ്രസ്സ് മേക്കിങ് ഗ്രേഡിലുള്ള എൻ.ടി.സി/എൻ.എ.സി.യും മൂന്നുവർഷ പ്രവൃത്തി പരിചയവും. അസ്സൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ എന്നിവ സഹിതം ഹാജരാകണം. ഫോൺ0474 2793714.

# എന്റെ ജില്ല മൊബൈൽ ആപ്പ് സർക്കാർ ഓഫീസുകൾ കണ്ടെത്താം,വിലയിരുത്താം

ജില്ലയിലെ സർക്കാർ ഓഫീസുകൾ ഒറ്റ ക്ലിക്കിലൂടെ കണ്ടെത്താനും വിവരങ്ങൾ അറിയാനും 'എന്റെ ജില്ല' മൊബൈൽ ആപ്പ്. ജില്ലാ ഭരണകൂടം, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ എന്നിവ സംയുക്തമായി തയ്യാറാക്കിയ ആപ്പിൽ റവന്യൂ, പോലീസ്, ആർ.ടി.ഒ, എക്സൈസ്, ആരോഗ്യം, ഫിഷറീസ്, കൃഷി തുടങ്ങി ജില്ലയിലെ 20 വകുപ്പുകൾളുടെ ഓഫീസുകളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ലഭ്യമാണ്.

അക്ഷയ, ട്രഷറി, കെ.എസ്.ആർ.ടി.സി ഡിപ്പോകൾ തുടങ്ങിയ അവശ്യ സേവനങ്ങളും വിരൽത്തുമ്പിൽ അറിയാം. കേന്ദ്രസർക്കാർ ഓഫീസുകൾ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം ഗൂഗിൾ മാപ്പിലൂടെ കണ്ടെത്താനും ഫോൺ നമ്പറുകൾ, ഇമെയിൽ എന്നിവ വഴി നേരിട്ട് ബന്ധപ്പെടാനും ആപ്പ് സഹായകമാണ്. ഓഫീസിൽ നിന്നും ലഭ്യമായ സേവനം പൊതുജനങ്ങൾക്ക് റേറ്റിങ്ങിലൂടെ വിലയിരുത്താനുമാകും. അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവുമുണ്ട്. ഇതു വഴി പരാതികളും അറിയിക്കാം.

ഓഫീസുകളെ കുറിച്ചുള്ള വിലയിരുത്തലുകൾ ജില്ലാ കലക്ടർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കും. സർക്കാർ സംവിധാനങ്ങൾ കൂടുതൽ ജനസൗഹൃദവും സുതാര്യവും ആക്കുന്നതിന് എന്റെ ജില്ല ആപ്പ് പ്രയോജനപ്പെടുത്താമെന്ന് ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫ് പറഞ്ഞു.

സംസ്ഥാനത്തെ ഏത് ജില്ലയിലെയും വിവരങ്ങൾ ഓപ്ഷൻ കൊടുക്കുന്നതിനനുസരിച്ച് ആപ്പിൽ ലഭ്യമാണ്. ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ജില്ലയിലെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം അവസാന ഘട്ടത്തിലാണെന്ന് സാങ്കേതിക സംവിധാനത്തിന്റെ ചുമതലയുള്ള ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ എൻ. പത്മകുമാർ അറിയിച്ചു.

## എൽ. ബി. എസ്സിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി കൊല്ലം മേഖലാ കേന്ദ്രത്തിൽ പി.ജി.ഡി.സി.എ (ഒരുവർഷം, യോഗ്യതബിരുദം), ഡി. സി. എ. (ഒരുവർഷം, യോഗ്യതഎസ്.എസ്.എൽ.സി ), ഡി. സി. എ. എസ്. (ആറുമാസം, യോഗ്യതപ്ലസ് ടു), ഡേറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (നാലുമാസം, യോഗ്യതഎസ്.എസ്.എൽ.സി) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ0474 2970780.

## കെ.എസ്.ഐ.ഡിയിൽ സ്പോട്ട് അഡ്മിഷൻ

ചന്ദനത്തോപ്പ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഐ. ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ടെക്സ്റ്റയിൽ ആൻഡ് അപ്പാരൽ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ്സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ പി. ജി. ഡിപ്ലോമ കോഴ്സുകളിൽ സീറ്റ് ഒഴിവുണ്ട്. യോഗ്യതഏതെങ്കിലും വിഷയത്തിൽ ഡിഗ്രിക്ക് 55 ശതമാനം മാർക്ക്. ആപ്ലിക്കേഷൻ ഫീസ് 1000 രൂപ കെ.എസ്.ഐ.ഡി. ബാങ്ക് അക്കൗണ്ടിൽ അടച്ച രസീത് സഹിതം അപേക്ഷിക്കണം. അവസാന തീയതി ഒക്ടോബർ 16. 18ന് നടക്കുന്ന ഓൺലൈൻ അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തും. അപേക്ഷഫോം വെബ്സൈറ്റിൽ.




എം വേണുകുമാർ (നാന) രചിച്ച സിനിമ ജീവിതങ്ങൾ സ്വപ്നങ്ങൾ, മന്ത്രി ചിഞ്ചുറാണി, നടൻ പ്രേംകുമാർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

# സിൽവർലൈൻ; കൊടിക്കുന്നിൽ സുരേഷ് എംപിയുടെ രാപ്പകൽ സമരം 16ന്

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതും അപ്രായോഗികവുമായ സിൽവർലൈൻ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ വ്യാപകമായ തോതിൽ കുടിയൊഴിപ്പിക്കൽ നടത്തുന്നതിൽ പ്രതിഷേധിച്ച് കെപിസിസി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എംപി മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ഒക്ടോബർ 16 മുതൽ 18 വരെ 48 മണിക്കൂർ രാപ്പകൽ സമരം നടത്തും.

സിൽവർ ലൈൻ പദ്ധതി സംബന്ധിച്ച് സമഗ്രമായ ചർച്ചനടത്താൻ സംസ്ഥാനത്തെ എംപിമാരുടെ പ്രത്യേക യോഗം മുഖ്യമന്ത്രി വിളിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കെപിസിസി ആസ്ഥാനത്ത് നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുക ആയിരുന്നു കൊടിക്കുന്നിൽ.

പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കും മുൻപെ സംസ്ഥാന സർക്കാർ കുടിയൊഴിപ്പിക്കൽ നടത്തുന്നത് ദുരൂഹമാണ്.നാലു ലക്ഷം കോടി രൂപയുടെ ഭീമമായ കടം നിൽക്കുന്ന സംസ്ഥാനത്ത് 63941 കോടിയുടെ സിൽവർ ലൈൻ പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനം വലിയ സാമ്പത്തിക ബാധ്യതയിലേക്ക് കൂപ്പുകുത്തും.സിൽവർ ലൈൻ പദ്ധതിക്ക് തത്വത്തിൽ മാത്രമാണ് അംഗീകാരം ലഭിച്ചത്. എളുപ്പത്തിൽ അനുമതി നൽകാൻ കഴിയുന്ന പദ്ധതിയല്ലിത്.വിവിധ തലങ്ങളിൽ ഉന്നതതല ചർച്ചകളും സാങ്കേതിക വശങ്ങൾ സംബന്ധിച്ച ചർച്ചകൾ നടത്താനുണ്ട്.തൽസ്ഥിതി ഇതായിരിക്കെ സിൽവർ ലൈൻ പദ്ധതിക്ക് പച്ചക്കൊടി ലഭിച്ചെന്ന രീതിയിലാണ് സർക്കാർ പ്രചരണം നടത്തുന്നത്.

കേരളത്തെ രണ്ടായി വെട്ടിമുറിക്കുന്ന ഈ വെള്ളാന പദ്ധതിയുടെ ദോഷഫലങ്ങൾ അനുഭവിക്കാൻപോകുന്ന ബഹുഭൂരിപക്ഷം ജനതയുടെ ആശങ്കകൾ നേരിട്ടും അല്ലാതെയും അറിയുന്ന ജനപ്രതിനിധി എന്ന നിലയിൽ താൻ അനവധി ഫോറങ്ങളിൽ നീതി ആയോഗിലും റെയിൽവേ സ്റ്റാന്റിംഗ് കമ്മിറ്റ അംഗമെന്ന നിലയിൽ റെയിൽവേ മന്ത്രാലയത്തിലും, എം പി എന്ന നിലയിൽ കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിയോടും , ലോക്സഭയിലും അനവധി ചോദ്യങ്ങൾ ഈ വിഷയത്തിൽ ഉന്നയിക്കുകയും ചെയ്തതാണ്.

ഈ ഫോറങ്ങളിൽ നിന്നെല്ലാം അറിയാൻ കഴിഞ്ഞത്, സിൽവർ ലൈൻ പദ്ധതിയുടെ ബാധ്യതകളിൽ കേന്ദ്രത്തിന്റെ യാതൊരു ഉത്തരവാദിത്വവും ഉണ്ടാവില്ല എന്നാണ് , എന്ന് വെച്ചാൽ നാല് ലക്ഷം കോടി രൂപയുടെ ഭീമമായ കടം നിലനിൽക്കുന്ന, ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ചെലവുകളിൽ മാസക്കണക്കിനു കടമെടുക്കുന്ന കേരള സർക്കാർ 63941 കോടി രൂപയുടെ ബാധ്യത കൂടി മലയാളികൾക്കുമേൽ കെട്ടിവെക്കാൻ പോകുന്നു എന്നതാണ്.

കേരള സർക്കാർ റെയിൽവേ മന്ത്രാലയത്തിന് സമർപ്പിച്ച തിരുവനന്തപുരം മുതൽ കാസർഗോഡ് സിൽവർ ലൈൻ (കെ റെയിൽ ) പദ്ധതിയ്ക്ക് തത്വത്തിൽ മാത്രമാണ് അംഗീകാരം എന്നിരിക്കെ അതിവേഗം കുടിയൊഴിപ്പിക്കലുമായി മുന്നോട്ട് പോകുന്നത് ആരുടെ താല്പര്യമാണെന്നും അതിനു പിന്നിൽ അജണ്ട എന്താണെന്നും കെ റെയിൽ അധികൃതരും സർക്കാരും വിശദമാക്കിയേ മതിയാവൂ.

നിർദിഷ്ട സിൽവർ ലൈൻ പദ്ധതിയ്ക്ക് അനുമതി ആവശ്യപ്പെട്ട് കേരള ചീഫ് സെക്രട്ടറി വി പി ജോയിയും മറ്റു ഉദ്യോഗസ്ഥന്മാരും റെയിൽവേ ബോർഡ് ചെയർമാനെ കണ്ടിരുന്നതായും എന്നാൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ റെയിൽവേ ബോർഡ് പരിശോധിച്ചുവരികയാണ് എന്നുമാണ് അറിയാൻ കഴിഞ്ഞത്.

എളുപ്പത്തിൽ അനുമതി നൽകാൻ കഴിയുന്ന പദ്ധതിയല്ല കേരളസർക്കാർ നിർദേശിച്ച സിൽവർ ലൈൻ പദ്ധതിയെന്നും വിവിധ തലങ്ങളിൽ ഉന്നത തല ചർച്ചകളും സാങ്കേതിക വശങ്ങൾ സംബന്ധിച്ച ചർച്ചകളും ഇതിനായി നടത്തേണ്ടതായിട്ടുണ്ട് എന്നുമാണ് തൽസ്ഥിതി എന്നിരിക്കെ, സിൽവർ ലൈൻ പദ്ധതിക്ക് പച്ചക്കൊടി ലഭിച്ചു എന്ന രീതിയിലുള്ള പ്രചാരണം കെ റെയിൽ അധികൃതർ നടത്തുന്നത് ആർക്കുവേണ്ടിയാണ്

റെയിൽവേ ബോർഡ് ഇൻഫ്രാസ്ട്രക്ച്ചർ മെമ്പറും , റെയിൽവേ വകുപ്പ് എക്സ് ഒഫീഷ്യോ സെക്രട്ടറിയുമായ സഞ്ജീവ് മിത്തൽ, ഈ വിഷയം സംബന്ധിച്ച് ഞാൻ നൽകിയ കത്തിന് തന്ന മറുപടയിൽ അര്ഥശങ്കയില്ലാതെ വ്യക്തമാക്കുന്നത് സിൽവർ ലൈൻ പദ്ധതിക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലയെന്നാണ്. പ്രസ്തുത പദ്ധതിയുടെ നിർവഹണം നടക്കുന്നത് റെയിൽവേ മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത ജോയിന്റ് വെൻചർ കമ്പനിയുടെ കീഴിലാണ്.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയായി നിർദ്ദേശിച്ചിട്ടുള്ള സിൽവർ ലൈൻ റെയിൽ പദ്ധതിയെക്കാൾ കേരളത്തിന് ഇപ്പോൾ ആവശ്യം നിലവിലുള്ള റെയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണവും, തിരുവനന്തപുരം കാസർഗോഡ് സമാന്തര റെയിൽ പാതയും, നവീകരിച്ച സിഗ്നൽ സംവിധാനത്തോട് കൂടിയുള്ള ശേഷിവർദ്ധനവും, ഇതോടൊപ്പം തന്നെ സംസ്ഥാനത്തു കൂടിയുള്ള നിലവിലെ കായംകുളം ആലപ്പുഴ എറണാകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കൽ, കോട്ടയം കുറുപ്പുന്തറ ഇരട്ടിപ്പിക്കൽ, തിരുവനന്തപുരം കാസർഗോഡ് ഇരട്ടിപ്പിക്കൽ എന്നിവയും , കൊല്ലം പുനലൂർ ചെങ്കോട്ട പാതയിലെ വൈദ്യുതീകരണവും എന്നിവയും സമയബന്ധിതമായി പൂർത്തിയാക്കുകയുംവേണം.

അല്ലാതെ ലക്ഷക്കണക്കിന് കോടികളുടെ ദൂരത്തിൽ കലാശിക്കുന്ന ഒരു ചെറുവിഭാഗത്തിന്റെ ആഡംബരത്തിനു മാത്രമുതകുന്ന സിൽവർ ലൈൻ അല്ല നാടിനാവശ്യം.

സംസ്ഥാനത്തിന്റെ വളരെക്കാലമായുള്ള ആവശ്യമായ സാധാരണക്കാർക്കു കൂടെ പ്രയോജനമേകുന്ന സമഗ്രമായ സബർബൻ റെയിൽ സംവിധാനവും കേരളത്തിന്റെ റെയിൽവേ മേഖലയിലെ ദീർഘകാലമായ ആവശ്യമാണ്, അതിന്റെ പൂർത്തീകരണത്തിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകേണ്ടതും.

സിൽവർ ലൈൻ സംബന്ധിച്ച എല്ലാ വിഷയങ്ങളും വിശദമായി ചർച്ച ചെയ്യാൻ ഈ വിഷയത്തിൽ കേരളത്തിലെ എം പി മാരുടെ പ്രത്യേക യോഗം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിക്കുകയും അവരുടെ അഭിപ്രായം തേടുകയും വേണം. ഒപ്പം തന്നെ കേരളത്തിയൊന്നാകെ നെടുകെ പിളർന്നുകൊണ്ടുപോകുന്ന രീതിയിലെ നിർമ്മിതിയായ സിൽവർ ലൈൻ പദ്ധതി കാരണം പതിനായിരക്കണക്കിനു ആളുകളുടെ കിടപ്പാടവും ഭൂമിയും, ആശുപത്രികളും, പള്ളികളും , അമ്പലങ്ങളും , ആരാധനാലയങ്ങളും പൊളിച്ചുമാറ്റേണ്ടുന്ന സാഹചര്യവും ഗൗരവമായി പരി ണിക്കണം.

നിയമക്കുരുക്കുകളിൽപ്പെട്ടും സ്ഥലമേറ്റെടുപ്പിൽ ഉണ്ടാകാവുന്ന കാലവിളംബം കൊണ്ടും അനുമാനിക്കപ്പെട്ട ആകെ പദ്ധതിത്തുകയുടെ ഇരട്ടിയിലധികമായി മാറുന്ന സാഹചര്യം ഈ പദതയ്ക്കു വരില്ല എന്ന് യാതൊരു ഉറപ്പും കെ റെയിൽ കമ്പനിക്ക് നൽകാൻ കഴിയില്ല എന്നിരിക്കെ, പ്രാരംഭ ദശയിൽ തന്നെ വൻ നഷ്ടം മാത്രം സമ്മാനിക്കുമെന്ന വസ്തുത എങ്ങനെയാണ് പ്രചാരണ വേലകൾ കൊണ്ട് ഇല്ലാതാക്കാനാവുക

എല്ലാ വിഷയങ്ങളിലും കേരളത്തെ യൂറോപ്യൻ രാജ്യങ്ങളുമായി നമ്മൾ താരതമ്യപ്പെടുത്തുന്നു , പക്ഷെ കേരളം ഒരു ജനസാന്ദ്രതയേറിയ, പട്ടണങ്ങളുടെ നിരന്തര ശ്രിംഖലയായ സംസ്ഥാനമാണെന്നും, ഇവിടെ അതിഭീമമായ തുക ചെലവുചെയ്തു കൊണ്ടുള്ള പരിമിതമായ സ്റ്റേഷനുകൾ മാത്രമുള്ള സിൽവർ ലൈൻ പദ്ധതിയെക്കാൾ പ്രയോജനം എല്ലാ സ്റ്റേഷനുകളെയും കൂട്ടിയിണക്കുന്ന സബർബൻ ട്രെയിൻ പദ്ധതിയാണ്, അതുകൊണ്ടു മാത്രമാണ് സാധാരണക്കാർക്കും, ഉദ്യോഗസ്ഥർക്കും, ആശുപത്രി ആവശ്യങ്ങൾക്കായി അടുത്തുള്ള ജില്ലകളിലേക്ക് യാത്ര ചെയ്യുന്നവർക്കും, കർഷകർക്കും ഒക്കെ ഗുണമുണ്ടാവുക.

ഈ യാഥാർഥ്യങ്ങളെ മുൻനിർത്തിക്കൊണ്ടുതന്നെ, പരിപൂർണ്ണ സബർബൻ പദ്ധതിയുടെ സാധ്യതകൾ പരിശോധിക്കുകയും, നിലവിലെ റെയിൽവേ സംവിധാനങ്ങളുടെ , പാതകളും, സിഗ്നലിംഗും, വൈദ്യുതിവൽക്കരണവും, ഉൾപ്പെടെ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കുകയാണ് സംസ്ഥാന സർക്കാർ ചെയ്യണ്ടത് , അല്ലാതെ ഇല്ലാത്ത തുക കടമെടുത്തുകൊണ്ടു സിൽവർ ലൈൻ എന്ന ആർഭാടമല്ല ഒരുക്കേണ്ടത്.

സിൽവർ ലൈൻ വീരഗാഥകളും സാമ്പത്തിക നേട്ടങ്ങളും , എളുപ്പത്തിൽ ലഭിക്കുന്ന വായ്പകളുടെ കഥകളും ആവർത്തിക്കുമ്പോൾത്തന്നെ ഇന്ന് കേരള സംസ്ഥാന ധനവകുപ്പ് മന്ത്രി കെ എൻ ബാലഗോപാൽ കേന്ദ്രനയങ്ങൾ തുടർന്നാൽ 2023ൽ കേരളത്തിന് 32,000 കോടി രൂപയുടെ വരുമാനം കുറയുമെന്ന് നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്.

ജി.എസ്.ടി. നഷ്ടപരിഹാരം നിലച്ചാൽ 13,000 കോടി റവന്യൂക്കമ്മി ഗ്രാന്റിൽ വരുന്ന കുറവ് 15,000 കോടി, കേന്ദ്രനികുതി വിഹിതത്തിലെ കുറവ് 4000 കോടി ആകെ 32,000 കോടി രൂപയാണ് വരുന്ന വർഷം സംസ്ഥാനത്തിന് നഷ്ടം വരുന്നതെന്ന വസ്തുത ധനവകുപ്പ് മന്ത്രി തന്നെ ആശങ്കയോടെ പങ്കുവെക്കുന്ന സാഹചര്യത്തിലാണ് 64000 കോടി രൂപയുടെ ബാധ്യതയുമായി സിൽവർ ലൈൻ എന്ന പദ്ധതി നടത്താൻ ഒരുങ്ങുന്നത് എന്നതു തന്നെ ഈ പദ്ധതിയുടെ ആശയപരമായ നിലനില്പിനെപോലും അപ്രസക്തമാകുന്നു.

ഇതോടൊപ്പം തന്നെ നിർദ്ദിഷ്ട സിൽവർ ലൈൻ അതിവേഗ റെയിൽപ്പാതയുടെ നിർമാണത്തിൽ യാതൊരു അധികബാധ്യതയും കേന്ദ്രം വഹിക്കില്ലെന്ന് കേന്ദ്ര നീതി ആയോഗ് വ്യക്തമാക്കിയ സാഹചര്യവും നിലനിൽക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ച നീതി ആയോഗ് റെയിൽ മന്ത്രാലയത്തിന്റെ വിഹിതമായി പറഞ്ഞിട്ടുള്ള 2150 കോടി രൂപയിൽ കൂടുതൽ ഒന്നും പ്രതീക്ഷിക്കേണ്ടെന്നും, അധികപണം കണ്ടെത്തലും കടംവീട്ടലും പൂർണമായും സംസ്ഥാനത്തിന്റെ ബാധ്യതയാണെന്നും അറിയിച്ച സാഹചര്യം സൂചിപ്പിയക്കുന്നത് ഈ പദ്ധതി ഓരോ മലയാളിയുടെയും ചുമലിലേക്ക് വലിയ ബാധ്യതയായി മാറുമെന്നാണ്.

63941 കോടി ചെലവു മതിക്കുന്ന പദ്ധതിയുടെ 20% മാത്രമാണ് ഭൂമി ഏറ്റെടുക്കാനായി ചെലവിടേണ്ടത്. ഇതിന്റെ പകുതിമാത്രമേ വായ്പകളിലൂടെ ഇപ്പോള് ഉറപ്പാക്കിയിട്ടുള്ളൂ.

1383 ഹെക്ടർ ഭൂമി അക്വയര് ചെയ്യുന്നതിനായി 13000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്, ഒപ്പം മൂവായിരം കോടി ഹഡ്കോയില് നിന്നുള്ള വായ്പയ്ക്കു ധാരണയായിട്ടുണ്ട്, ഇതിൽ സംസ്ഥാനവിഹിതമായ 2100 കോടി രൂപ കിഫ്ബിയില് നിന്നും ലഭ്യമാക്കും. ജപ്പാന് ഇന്റർനാഷണല് കോർപറേഷന് നല്കുന്ന വായ്പ 80% ഭൂമി അക്വയര് ചെയ്തു കഴിഞ്ഞിട്ടു മാത്രമേ നല്കുകയുള്ളൂ.

ചുരുക്കി പറഞ്ഞാൽ ഇല്ലാത്ത പണം കൊടുത്ത് കുടിയൊഴിപ്പിക്കാനും അതുവഴി ജനങ്ങളെ പെരുവഴിയിലാക്കാനും മാത്രമെന്ന കടത്തിൽ നിന്നും കടത്തിലേക്ക് കുതിക്കുന്ന കേരളത്തിന് ബാധ്യത മാത്രം സമ്മാനിക്കുന്ന ഈ പദ്ധതി കൊണ്ട് കഴിയുക.

സിൽവർലൈൻ പദ്ധതിക്കുവേണ്ടി 15 മുതൽ 25 മീറ്റർ സ്ഥലംമതിയെന്ന് പറഞ്ഞുവെക്കുമ്പോൾ ആലോചിക്കേണ്ടത് ദേശീയ പാത തന്നെ നിലവിലെ ദൂരപരിധി മൂന്ന് മീറ്ററിൽ നിന്നും ഏഴര മീറ്റർ ആയി ദേശീയ ഹൈവേ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്,അപ്പോൾ സിൽവർലൈൻ പദ്ധതിക്ക് ബഫർസോൺ മിനിമം പരിധി ഇന്ത്യൻ റെയിൽവേ നിഷ്കർഷിച്ച 30 മീറ്റർ എന്ന പരിധിയെക്കാൾ കൂടുതലാവും എന്നത് തർക്കമില്ലാത്തവസ്തുതയാണ് ,

സിലര് ലൈന് റെയിലേ പാതയ്ക്കു വേണ്ടി സമഗ്ര പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയാറാക്കിയതു പ്രാരംഭ നടപടികള് പൂർണമാക്കാതെ എന്ന മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ഈ പദ്ധതിക്ക് മറച്ചുവെക്കാൻ ഏറെയുണ്ടെന്ന യാഥാർഥ്യമാണ് .

ഇത്തരത്തിലുള്ള അപൂർണമായ റിപ്പോർട്ടുകളാണ് സിൽവർ ലൈൻ പ്രോജക്ടിന്റെ ' വിജയത്തിനാധാരം' എങ്കിൽ ഈ പദ്ധതിയുടെ മുഴുവൻ അവകാശവാദങ്ങളും ജനകീയ ഓഡിറ്റിംഗിന് വിധേയമാകേണ്ടതാണ് .

ഇങ്ങനയൊക്കെയാണ് വസ്തുതകളെങ്കിൽ സിൽവർ ലൈൻ അധികൃതർ ഉന്നയിച്ച ബജറ്റിനും എസ്റ്റിമേറ്റിനും അപ്പുറത്തേക്ക് പദ്ധതി തുക കുതിച്ചുയരുമെന്നും നീതി ആയോഗ് കണക്കാക്കിയ ഒന്നേകാൽ ലക്ഷം കോടി രൂപക്കും മുകളിലേക്ക് ആകെ ചെലവ് ഉയരുമെന്നതും സാമാന്യബോധ്യത്തിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

ലിഡാർ സര്വേമാത്രമാണ് നടത്തിയതെന്നും, വിവിധ പ്രദേശങ്ങളില് പാതയുടെയും നിലവിലുള്ള കെട്ടിടങ്ങളുടെയും മലനിരകളുടെയും ഉയരം കണക്കാക്കുന്നതിനുള്ള ടോപ്പോഗ്രാഫിക്കല് സര്വേ, പദ്ധതി മേഖലയിലെ ജലനിരപ്പ്, ജലാശയങ്ങള്ക്കു മുകളിലൂടെയുള്ള പാലം, എലിവേറ്റഡ് പാലം, മണ്ണിന്റെ ഘടന, അടിത്തറ നിര്മാണത്തെപ്പറ്റിയുള്ള വിലയിരുത്തല് എന്നിവ കണക്കാക്കാനുള്ള ഹൈഡ്രോഗ്രാഫിക് പഠനങ്ങൾ എന്നിവയ്കയുള്ള ടെൻഡർ ക്ഷണിച്ചത് അടുത്ത് മാത്രമാണ്. അപ്പോൾ ടോപ്പോഗ്രാഫിക്ക് സർവേ പൂർത്തിയായില്ല എന്ന കാര്യം വ്യക്തമാണ് ,

അങ്ങനെയുള്ള സാഹചര്യത്തിൽ ഏതു ശാസ്ത്രീയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അധികൃതർ വ്യക്തമാക്കണം. അല്ലാത്തപക്ഷം അത്യന്താപേക്ഷിതമായ ശാസ്ത്രീയ പഠനങ്ങളുടെ അഭാവത്തിൽ ഇത്തരമൊരു പദ്ധതി എങ്ങനെയാണ് പരിസ്ഥിതിക്കു ഹാനികരമല്ല എന്ന് മുൻകൂട്ടി പ്രഖ്യാപിക്കാൻ സാധിക്കുക

യാത്രാ നിരക്ക് മുൻകൂട്ടി പ്രഖ്യാപിച്ചുകൊണ്ട് പദ്ധതി ഏറെ ആകർഷകമാക്കുന്ന തന്ത്രം സിൽവർ ലൈൻ പദ്ധതിയുടെ അധികാരികളും ഉപയോഗിക്കുന്നുണ്ട്.

സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി നടത്തിയ പ്രാഥമിക പരിസ്ഥിതി ആഘാത പഠനത്തിൽപ്പോലും പറയുന്നത് പതിനൊന്നു കിലോമീറ്ററോളം പാലങ്ങൾ , തുരങ്കങ്ങൾ എന്നിവ നിർമ്മിക്കുകയും , അനവധി പൊതു കെട്ടിടങ്ങൾ , വീടുകൾ , ഉൾപ്പെടെ പൊളിക്കുകയും വേണമെന്നാണ് . ഇത്രയധികം നിർമാണ പ്രവർത്തികൾക്കാവശ്യമുള്ള വസ്തുക്കൾ എവിടെനിന്നു കൊണ്ടുവരും



നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് ജില്ലാ കളക്ടർ ഉത്ഘാടനം ചെയ്യുന്നു

## അധ്യാപകർക്ക്പുതിയ ജോബ്റോളുകളിൽ പരിശീലനം നൽകുന്നത് പരിഗണനയിൽ

തിരുവനന്തപുരം: വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ തൊഴിൽ പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അധ്യാപകർക്ക് പുതിയ ജോബ് റോളുകളിൽ പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്ന് മന്ത്രി വി ശിവൻകുട്ടി നിയമസഭയെ അറിയിച്ചു. എസ്സിഇആർടിയുടെ നേതൃത്വത്തിൽ പുതിയ ജോബ് റോളുകൾക്ക് പഠന സാമഗ്രികൾ നിർമ്മിക്കുന്നതിന് കണ്ടന്റ് ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരികയാണ്. തൊഴിൽ പരിശീലനത്തോടൊപ്പം ജീവിതനൈപുണ്യപരിശീലനങ്ങളിലൂടെ വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി വർധിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു.

# ഐ4ജി 2021 പദ്ധതിയിലേക്ക് സ്റ്റാർട്ടപ്പുകളെ ക്ഷണിച്ച് കേരളം

നൂതന സാങ്കേതികവിദ്യകളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന രാജ്യത്തെ സ്റ്റാർട്ടപ്പുകൾക്ക് വിപണനവേദിയൊരുക്കുന്നതിനായി കേരള ഡെവലപ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റെജിക് കൗൺസിൽ (കെഡിസ്ക്) നടത്തുന്ന 'ഇന്നൊവേഷൻ ഫോർ ഗവൺമെന്റ് 2021 (ഐ4ജി) പരിപാടിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ആവശ്യമായ ഉത്പ്പന്നങ്ങളും പ്രതിവിധികളും സ്റ്റാർട്ടപ്പുകൾക്ക് അവതരിപ്പിക്കാം. കേരള സർക്കാർ രൂപീകരിച്ച തന്ത്രപരമായ ഒരു ആശയനിധിയും ഉപദേശക സമിതിയുമാണ് കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെഡിസ്ക്).

ഉത്പ്പന്നം, പ്രക്രിയ, നവീകരണം, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, സംസ്ഥാനത്ത് പുതുമകൾ വളർത്തിയെടുക്കുന്നതിന് ആരോഗ്യകരവും അനുയോജ്യവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിലെ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന തന്ത്രപരമായ പദ്ധതികൾ കൊണ്ടുവരികയാണ് ഐ4ജി എന്ന ഉദ്യമത്തിലൂടെ കെഡിസ്ക് ലക്ഷ്യമിടുന്നത്.

കെഡിസ്ക് മുൻകയ്യെടുത്ത് രണ്ടാം തവണയാണ് ഐ4ജി സംരംഭം നടപ്പിലാക്കുന്നത്.

കഴിഞ്ഞവർഷം ജനുവരി 22 ന് കെഡിസ്ക് സംഘടിപ്പിച്ച ഐ4ജി ആദ്യ പതിപ്പിൽ രാജ്യത്തെ നാൽപ്പത്തിയഞ്ചോളം സ്റ്റാർട്ടപ്പുകൾ നൂതനാശയങ്ങൾ അവതരിപ്പിച്ചു. മറ്റു സംസ്ഥാനങ്ങൾ ഉപയോഗിക്കുന്ന നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചു ഉൾക്കാഴ്ച പങ്കിട്ട പരിപാടികൾക്ക് വിവിധ വകുപ്പുകളിലെ പ്രതിനിധികളിൽ നിന്നും മികച്ച പ്രതികരണം ലഭിച്ചിരുന്നു.

സ്റ്റാർട്ടപ്പുകൾക്ക് അവയുടെ ഉത്പ്പന്നങ്ങളും പ്രതിവിധികളും അവതരിപ്പിക്കുന്നതിന് കേരളത്തിൽ ഒരു പ്ലാറ്റ്ഫോം ലഭ്യമാക്കുന്നതുവഴി പുതുമകൾ വളർത്തിയെടുക്കുന്നതിന് ആരോഗ്യകരവും അനുയോജ്യവുമായ ഒരു പരിസ്ഥിതിയെ നയിക്കുക എന്നതാണ് പരിപാടിയുടെ പ്രധാന ഉദ്ദേശ്യം.

ബ്ലോക്കിചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി/വെർചൽ റിയാലിറ്റി, റോബൊട്ടിക്സ് ആൻഡ് പ്രോസസ് ഓട്ടോമേഷൻ, ബിഗ് ഡാറ്റ ആൻഡ് അനലിറ്റിക്സ്, ഇലക്ട്രിക് മൊബിലിറ്റി തുടങ്ങിയ നൂതന സാങ്കേതികവിദ്യാമേഖലകളിലെ തിരഞ്ഞെടുക്കപ്പെട്ട പൈലറ്റ്പ്രോജക്ടുകൾക്ക് സംസ്ഥാന സർക്കാരിന്റെ ആസൂത്രണധനകാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കെഡിസ്ക് ഫണ്ട് നൽകും.

സ്റ്റാർട്ടപ്പ് ഇന്ത്യയുടെയോ, കേരള സ്റ്റാർട്ടപ്പ് മിഷന്റേയോ രജിസ്ട്രേഷനുള്ള സ്റ്റാർട്ടപ്പുകൾക്ക് ഇന്നൊവേഷൻ ഫോർ ഗവൺമെന്റ് 2021 പദ്ധതിയിലേക്ക് അപേക്ഷിക്കാം.

അപേക്ഷകൾ ഒമ്പത് മുതൽ സ്വീകരിക്കും. 25നകം അപേക്ഷ നൽകണം. രജിസ്ട്രേഷന് https://kdisc.kerala.gov.in/index.php/i4g2021# എന്ന വെബ് സൈറ്റിൽരജിസ്റ്റർ ചെയ്യാം.

# സന്നദ്ധ സംഘടനകൾക്ക് അപേക്ഷിക്കാം

സംസ്ഥാന വനിതശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, തൃശൂർ ജില്ലകളിൽ 12 വയസിന് താഴെയുള്ള അതിജീവിതകളായ പെൺകുട്ടികൾക്കായുള്ള എസ്.ഒ.എസ്. മോഡൽ ഹോമുകൾ പ്രവർത്തിപ്പിക്കാൻ താല്പര്യമുള്ള കുട്ടികളുടെ മാനസികാരോഗ്യമേഖലയിൽ പ്രവർത്തന പരിചയമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും, ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതീക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആഡിറ്റ് റിപ്പോർട്ട്, രണ്ട് വർഷത്തെ പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ ഉൾക്കൊള്ളിച്ചുള്ള പ്രോപ്പോസൽ ഒക്ടോബർ 17 ന് മുമ്പ് സ്റ്റേറ്റ് കോഓഡിനേറ്റർ. നിർഭയ സെൽ, ഹൗസ് നം. 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം 1 എന്ന മേൽവിലാസത്തിൽ അയക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.w-c-d.k-er-a-l-a.gov.in, ഫോൺ: 04712331059.

# താത്കാലിക അധ്യാപക ഒഴിവ്

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിന്റെ നിയന്ത്രണത്തിലുള്ള ജി.ഐ.എഫ്.ഡി കണ്ടളയിൽ ഇംഗ്ലീഷ് താത്കാലിക അധ്യാപക ഒഴിവിലേക്ക് നിയമനം നടത്തുന്നു. ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദം, സെറ്റ്/ ബി.എഡ്/ പി.എച്ച്.ഡി (ഹയർ സെക്കൻഡറി അധ്യാപക യോഗ്യത) തുടങ്ങിയവയാണ് വിദ്യാഭ്യാസ യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 13ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 04712222935.

## കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് കെട്ടിട നിർമാണ ചട്ടങ്ങളിൽ ഇളവ്: മന്ത്രി

നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് കെട്ടിട നിർമാണ ചട്ടങ്ങളിൽ ലഭിക്കുന്ന ഇളവുകൾ കൂടുതൽ പഞ്ചായത്തുകൾക്ക് നൽകുമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

കേരളത്തിലെ നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ കൃത്യമായ അതിർവരമ്പുകളില്ല. മിക്കവാറും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും നഗരസ്വഭാവമുള്ളവയാണ്. അതിവേഗ വികസനത്തിന്റെ പാതയിലാണ് അവയുള്ളത്. പ്രാദേശിക സാമ്പത്തിക വികസനത്തിന് അടിത്തറ പാകുന്നതിൽ നിർമ്മിതികൾക്കും സംരംഭങ്ങൾക്കും ഏറെ പ്രാധാന്യമുണ്ട്. അതിനാൽ നിർമ്മിതികൾക്ക് അർഹമായ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് മന്ത്രി പറഞ്ഞു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ കാറ്റഗറി ഒന്നിൽ നഗര സ്വഭാവ സവിശേഷതകൾ ഉൾക്കൊള്ളുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 2011ലെ സർക്കാർ വിജ്ഞാപന പ്രകാരം 179 ഗ്രാമപഞ്ചായത്തുകളാണ് കാറ്റഗറി ഒന്നിലുണ്ടായിരുന്നത്. ഇതിൽ നഗരസഭകളായി മാറിയ പതിനേഴും നഗരസഭകളോട് കൂട്ടിച്ചേർത്ത അഞ്ചും ഒഴികെ, നിലവിലുള്ള 157 ഗ്രാമപഞ്ചായത്തുകളോടൊപ്പം പുതുതായി 241 ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി 398 ഗ്രാമപഞ്ചായത്തുകളെ കാറ്റഗറി ഒന്നിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. കാറ്റഗറി ഒന്നിലേക്ക് മാറുന്നതോടെ കവറേജ്, ഫ്ളോർ സ്പേസ് ഇൻഡക്സ് ഇനങ്ങളിൽ കൂടുതൽ ഇളവ് ലഭിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.



ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തിന് മുന്നോടിയായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗം.

# നാലംഗ കുടുംബത്തെ അവശനിലയിൽ കണ്ട സംഭവം: വിഷം കഴിച്ചതെന്ന് സംശയം

കൊട്ടാരക്കര: വിലങ്ങറയിൽ ഒരു കുടുംബത്തിലെ നാലുപേരെ അവശനിലയിൽ കണ്ടെത്തിയ സംഭവം വിഷം കഴിച്ചതാണോ എന്ന് സംശയിക്കുന്നു. വിലങ്ങറ ചരുവിള പുത്തൻവീട്ടിൽ സുദർശനൻ (45), ഭാര്യ ഗീതാകുമാരി (39), മക്കൾ നീതു (18), മകൻ നിതീഷ് (13) എന്നിവരെയാണ് അവശനിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നാലും പേരും അപകടനില തരണം ചെയ്തിട്ടുണ്ടെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

വ്യാഴാഴ്ച ഉച്ചകഴിഞ്ഞായിരുന്നു സംഭവം. അഡ്മിഷനുമായി ബന്ധപ്പെട്ട് ഐടിഐയിൽ പോയശേഷം മാതാവും മകളും വീട്ടിലെത്തിയതിന് പിന്നാലെ ഗൃഹനാഥന് ശാരീരിക അസ്വസ്ഥതകൾ കണ്ടു തുടങ്ങുകയും ഛർദ്ദിക്കുകയും ചെയ്തു. ഉടൻ തന്നെ ഇയാളെ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ എത്തിച്ച ഗീതാകുമാരിക്കും അവശതയുണ്ടായി.

തൊട്ടുപിന്നാലെ വീട്ടിലുണ്ടായിരുന്ന മക്കളും അവശരായതോടെയാണ് വിഷം ഉള്ളിൽ ചെന്നതായ സംശയം ഉടലെടുത്തത്. കഴിച്ച ആഹാരത്തിൽ വിഷാംശം ഉണ്ടായിരുന്നോ എന്ന് പരിശോധിക്കാൻ പോലീസ് തീരുമാനിച്ചിട്ടുണ്ട്.

തങ്ങൾ പ്രത്യേകിച്ച് ഒന്നും കഴിച്ചില്ലെന്നാണ് കുടുംബം പോലീസിന് നൽകിയിരിക്കുന്ന മൊഴി. കെട്ടിട നിർമ്മാണ തൊഴിലാളിയായ സുദർശനൻ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സയിലാണ്. കൊട്ടാരക്കര പോലീസ് അന്വേഷണം തുടങ്ങി

# ഇന്ത്യൻ വ്യോമസേന ദിനം



ഇന്ത്യൻ വ്യോമസേന ദിനം. ഇന്ത്യൻ സേനയിലെ മൂന്ന് പ്രമുഖ വിഭാഗങ്ങളിൽ ഒന്നാണ് വ്യോമസേന'. ഇന്ത്യയുടെ വ്യോമ സൈനിക പ്രവർത്തനങ്ങളുടെ ചുമതലയാണ് ഇതിനുള്ളത്.ഇന്ത്യൻ സായുധ സേനയുടെ എയർ ആം ആണ് ഇന്ത്യൻ എയർ ഫോഴ്സ് (ഐഎഎഫ്). ഉദ്യോഗസ്ഥരുടെയും വിമാന ആസ്തികളുടെയും പൂരകമായ ഇത് ലോകത്തിലെ വായുസേനകളിൽ നാലാം സ്ഥാനത്താണ്. ഇന്ത്യൻ വ്യോമപാത സുരക്ഷിതമാക്കുക, സായുധ പോരാട്ടസമയത്ത് ആകാശയുദ്ധം നടത്തുക എന്നിവയാണ് ഇതിന്റെ പ്രാഥമിക ദൗത്യം. ഇത് ഔദ്യോഗികമായി 8 ഒക്ടോബർ 1932 നീക്കം ചെയ്തു സ്ഥാപിച്ചു.1950 1950 മുതൽ, ഐ.എ.എഫ് അയൽ രാജ്യമായ പാകിസ്ഥാനുമായി നാല് യുദ്ധങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഓപ്പറേഷൻ വിജയ്, ഓപ്പറേഷൻ മേഘദൂത്, ഓപ്പറേഷൻ കാക്റ്റസ്, ഓപ്പറേഷൻ പൂമലൈ എന്നിവയാണ് ഐഎഎഫ് ഏറ്റെടുത്ത മറ്റ് പ്രധാന പ്രവർത്തനങ്ങൾ. ഐക്യരഷ്ട്രസഭയുടെ സമാധാന ദൗത്യങ്ങളില് ഐ.എ.എഫ് പങ്കെടുക്കുന്നതോടെ ഐ.എ.എഫിന്റെ ദൗത്യം ശത്രുശക്തികളുമായുള്ള ബന്ധത്തിനപ്പുറം വികസിക്കുന്നു.ഇന്ത്യൻ പ്രസിഡന്റ് ഐ.എ.എഫ് സുപ്രീം കമാൻഡർ പദവി വഹിക്കുന്നു.ജൂലൈ 2017 വരെ, 1,39,576 ഉദ്യോഗസ്ഥർ ഇന്ത്യൻ എയർ ഫോഴ്സിൽ സേവനത്തിലാണ്. എയർ ചീഫ് ഓഫ് എയർ സ്റ്റാഫ്, ഒരു എയർ ചീഫ് മാർഷൽ, ഒരു ഫോർ സ്റ്റാർ ഓഫീസർ ആണ്, എയർ ഫോഴ്സിന്റെ പ്രവർത്തന കമാൻഡിന്റെ ഭൂരിഭാഗവും ഉത്തരവാദിയാണ്.

# ലഖിംപൂർ സംഭവം: അന്വേഷണത്തിൽ തൃപ്തിയില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ലഖിംപൂർ ഖേരി സംഭവത്തിൽ ഉത്തർപ്രദേശ് സർക്കാരിനെ വിമർശിച്ച് സുപ്രീംകോടതി. കേസിൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികളിൽ തൃപ്തിയില്ലെന്ന് നിരീക്ഷിച്ച കോടതി ക്രൂരമായ സംഭവമാണ് നടന്നതെന്നും വ്യക്തമാക്കി.

കേസുമായി ബന്ധപ്പെട്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജി പരിഗണിക്കുന്നതിനിടെ ചീഫ് ജസ്റ്റീസ് എൻ.വി.രമണയാണ് സർക്കാരിനെതിരേ വിമർശനം ഉന്നയിച്ചത്. കേസ് പൂജ അവധിക്ക് ശേഷം വീണ്ടും പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. കേസിൽ ആരോപണ വിധേയനായ കേന്ദ്രമന്ത്രി അജയ് മിശ്രയുടെ മകൻ ആശിഷ് മിശ്രയ്ക്ക് ചോദ്യം ചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് യുപി സർക്കാർ കോടതിയെ അറിയിച്ചു. ഹാജരായില്ലെങ്കിൽ കർശന നടപടിയുണ്ടാകുമെന്ന സർക്കാർ വിശദീകരിച്ചപ്പോൾ, എല്ലാ കേസുകളിലും ഇതേ ഇളവ് നൽകാറുണ്ടോ എന്ന് സുപ്രീംകോടതി ആരാഞ്ഞു.

ഉത്തരവാദിത്വത്തോടെ പെരുമാറുന്ന സർക്കാരിനെയും പോലീസിനെയുമാണ് പ്രതീക്ഷിക്കുന്നത്. വെടിവയ്പ്പുണ്ടായി എന്നത് ഉൾപ്പടെ ഗുരുതര ആരോപണങ്ങളാണ് ഉയർന്നിരിക്കുന്നത്. പോലീസ് സാധാരണയായി ഇങ്ങനെയാണോ പെരുമാറുന്നതെന്നും എന്ത് സന്ദേശമാണ് നിങ്ങൾ നൽകുന്നതെന്നും ചീഫ് ജസ്റ്റീസ് യുപി സർക്കാരിനോട് ചോദിച്ചു.

## പ്രാദേശിക അവധി നവംബർ 11ന്

പദ്മനാഭസ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവം ആറാട്ട് പ്രമാണിച്ച് നവംബർ 11ന് ഉച്ചകഴിഞ്ഞ് മൂന്ന് മണി മുതൽ തിരുവനന്തപുരം നഗരത്തിലെ സർക്കാർ ഓഫീസുകൾക്ക് പ്രാദേശിക അവധി ആയിരിക്കും. സർക്കാർ കലണ്ടറിൽ ആറാട്ട് ഒക്ടോബർ 11 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഇത് തിരുത്തിയാണ് പുതിയ ഉത്തരവിറക്കിയത്.

## സ്പോട്ട് അഡ്മിഷൻ

ഐ.എച്ച്.ആർ.ഡി.യുടെ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളേജിലെ വിവിധ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷന് ഒക്ടോബർ ഒമ്പതിന് ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ് കോളേജിൽ നേരിട്ടെത്തി അപേക്ഷ നൽകാം.

# വന്യജീവി വാരാഘോഷ മത്സര വിജയികളെ പ്രഖ്യാപിച്ചു

വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ മികച്ച വന്യജീവി ഫോട്ടോഗ്രാഫറായി വിഘ്നേഷ് ബി ശിവനെയും മികച്ച ഹ്രസ്വ ചിത്ര സംവിധായകനായി ഷബീർ ടി എ യെയും(ചിത്രം കോട്ടില്ലം)തിരഞ്ഞെടുത്തു.വന്യജീവി ഫോട്ടോഗ്രാഫി മത്സരത്തിൽ വിനോദ് വേണുഗോപാൽ രണ്ടാം സ്ഥാനവും മിത്രൻ എം എം മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ജയേഷ് പടിച്ചലും( ചിത്രം കാപ്പുകാടുകൾ) മനോജ് കോലായിയുമാണ് ( ചിത്രം ദേവൂട്ടി)ഹ്രസ്വചിത്ര മത്സരത്തിൽ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയത്. യാത്രാവിവരണ മത്സരം (ഇംഗ്ലീഷ്) വിജയികൾ:സുജിത എസ് ( ഒന്നാംസ്ഥാനം), രഹ്ന റഫീഖ്, (രണ്ടാം സ്ഥാനം),സ്വാതി കൃഷ്ണ (മൂന്നാം സ്ഥാനം) യാത്രാവിവരണ മത്സരം (മലയാളം): സന്ദീപ് ഉണ്ണികൃഷ്ണൻ ( ഒന്നാംസ്ഥാനം), ഡോ.ജോസ് മാത്യു (രണ്ടാം സ്ഥാനം), എ കെ വേണുഗോപാൽ (മൂന്നാം സ്ഥാനം), പോസ്റ്റർ രചനാ മത്സരം: സയന ടി വി ( ഒന്നാംസ്ഥാനം), എഡ്വിൻ രാജു (രണ്ടാം സ്ഥാനം), അഭിഷേക് പി (മൂന്നാം സ്ഥാനം), ക്വിസ് മത്സരം സ്കൂൾ തലം: ഹൃദയേഷ് ആർ കണ്ണൻ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ മുക്കോലയ്ക്കൽ തിരുവനന്തപുരം( ഒന്നാംസ്ഥാനം), സുബിൻ സുരേഷ് കെ ജി എച്ച് എസ് എസ് മേഴത്തൂർ പാലക്കാട് (രണ്ടാം സ്ഥാനം), ഹരികേഷ് ഒ പി ചൊവ്വ എച്ച് എസ് എസ് കണ്ണൂർ (മൂന്നാം സ്ഥാനം), ക്വിസ് മത്സരം കോളേജ് : ഹൃദ്യ ആർ കൃഷ്ണൻ ( ഒന്നാംസ്ഥാനം), കാമില എ പി (രണ്ടാം സ്ഥാനം) ഫഹ്മ ജെബിൻ കെ വി എം (മൂന്നാം സ്ഥാനം).

കൂടുതൽ വിവരങ്ങൾക്കും ചിത്രങ്ങൾക്കും വനംവകുപ്പിന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജായ keralaforestandwildlifedepartment സന്ദർശിക്കുക.

# ആദ്യ ഡോസ് ലക്ഷ്യത്തിലേക്ക്: 93 ശതമാനവും കഴിഞ്ഞ് മുന്നോട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് വാക്സിനേടുക്കേണ്ട ജനസംഖ്യയുടെ 93.16 ശതമാനം പേർക്ക് (2,48,81,688) ആദ്യ ഡോസും 43.14 ശതമാനം പേർക്ക് (1,15,23,278) രണ്ടാം ഡോസും നൽകിയെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഒന്നും രണ്ടും ഡോസ് ചേർത്ത് ആകെ 3,64,04,946 ഡോസ് വാക്സിനാണ് ഇതുവരെ നൽകിയത്. കോവിഡ് ബാധിച്ചവരായ 10 ലക്ഷത്തോളം പേർക്ക് 3 മാസം കഴിഞ്ഞ് വാക്സിൻ എടുത്താൽ മതി. അതിനാൽ ഇനി എട്ട് ലക്ഷത്തോളം പേർ മാത്രമാണ് ഒന്നാം ഡോസ് വാക്സിനെടുക്കാനുള്ളത്. ഇനിയും ആദ്യ ഡോസ് വാക്സിൻ എടുക്കാനുള്ളവർ ഉടൻ തന്നെ കോവിൻ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്തോ തൊട്ടടുത്ത വാക്സിനേഷൻ കേന്ദ്രത്തിൽ നേരിട്ടെത്തിയോ വാക്സിൻ സ്വീകരിക്കേണ്ടതാണെന്നും മന്ത്രി അഭ്യർത്ഥിച്ചു.

45 വയസിൽ കൂടുതൽ പ്രായമുള്ള 97 ശതമാനത്തിലധികം ആളുകൾക്ക് ആദ്യ ഡോസും 61 ശതമാനം പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകരും കോവിഡ് മുന്നണി പോരാളികളും 100 ശതമാനം ആദ്യ ഡോസ് വാക്സിൻ എടുത്തു. ആരോഗ്യ പ്രവർത്തകരിൽ 88 ശതമാനം പേരും കോവിഡ് മുന്നണി പോരാളികളിൽ 90 ശതമാനം പേരും രണ്ടാം ഡോസ് എടുത്തിട്ടുണ്ട്. 18നും 44നും ഇടയ്ക്ക് പ്രായമുള്ളവരിൽ 80 ശതമാനം പേർ ആദ്യ ഡോസും 18 ശതമാനം പേർ രണ്ടാം ഡോസും എടുത്തിട്ടുണ്ട്. സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതൽ വാക്സിനെടുത്തത്. സ്ത്രീകൾ 1,88,71,205 ഡോസ് വാക്സിനും പുരുഷൻമാർ 1,75,24,970 ഡോസ് വാക്സിനുമാണെടുത്തത്.

ഇന്ന് 1698 വാക്സിനേഷൻ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത്. അതിൽ 1408 സർക്കാർ കേന്ദ്രങ്ങളും 290 സ്വകാര്യ കേന്ദ്രങ്ങളുമാണുണ്ടായിരുന്നത്.

സംസ്ഥാനത്തിന് 5 ലക്ഷം ഡോസ് കോവിഷീൽഡ് വാക്സിൻ കൂടി ലഭ്യമായി. തിരുവനന്തപുരം 1,69,300, എറണാകുളം 1,96,830, കോഴിക്കോട് 1,33,870 എന്നിങ്ങനെ ഡോസ് വാക്സിനാണ് ലഭ്യമായത്.

# ബിജെപിക്ക് ചേരുന്നത് ഭാരതീയ രാക്ഷസീയ പാർട്ടിയെന്ന് തമ്പാനൂർ രവി

അന്നം തരുന്ന കർഷകരെ ദ്രോഹിക്കുന്ന രാക്ഷസീയ സംസ്കാരമാണ് ബിജെപിക്കുള്ളതെന്നും അതിനാൽ ഭാരതീയ രാക്ഷസീയ ജനതാ പാർട്ടിയെന്നാണ് അവർക്ക് ഏറ്റവും ഉചിതമായ പേരെന്നും മുൻ എംഎൽഎ തമ്പാനൂർ രവി. വിളപ്പിൽ ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പേയാട് പള്ളിമുക്കിൽ നിന്നും സംഘടിപ്പിച്ച പദയാത്ര ഉദ്ഘാടനം ചെയ്തു സംസാരിക്കുക ആയിരുന്നു അദ്ദേഹം.

കാർഷികമേഖലയിലെ കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റുവത്കരണ നടപടികൾക്കെതിരെ പൊരിവെയിലിനേയും മഹാമാരിയേയും മരംകോച്ചുന്ന തണുപ്പിനേയും അവഗണിച്ചാണ് ശക്തമായ പ്രക്ഷോഭവുമായി കർഷക സംഘടനകൾ മുന്നോട്ട് പോകുന്നത്. തികച്ചും സമാധാനപരമായി നടക്കുന്ന സമരത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് ഫാസിസ്റ്റ് ഭരണാധികാരികളുടെ ശ്രമം. എതിർ ശബ്ദങ്ങളെ നിശബ്ദമാക്കുന്ന ബ്രിട്ടീഷ് കമ്പനിയുടെ കാർബൺ കോപ്പിയായി ബിജെപി മാറി. ജനാധിപത്യത്തെ നോക്കുകുത്തിയാക്കി കശാപ്പുകാരന്റെ മനോഗതിയുമായി മുന്നോട്ട് പോകാനാണ് ബിജെപി ശ്രമമെങ്കിൽ അതിനെ മഹാത്മാ ഗാന്ധി പഠിപ്പിച്ചുതന്ന സമരമാർഗത്തിലൂടെ കോൺഗ്രസ് നേരിടുമെന്നും തമ്പാനൂർ രവി പറഞ്ഞു. ബ്ലോക്ക് പ്രസിഡന്റ് ബാബുകുമാർ അധ്യക്ഷത വഹിച്ചു.മലയൻകീഴ് വേണുഗോപാൽ,പേയാട് ശശി,ശോഭനകുമാരി,പങ്കജാക്ഷൻ,കൊറ്റയിൽ മോഹൻ,എം ആർ ബൈജു,മലയിൽ ശ്രീകണ്ഠൻ,മണ്ഡലം പ്രസിഡന്റുമാരായ ബൈജു,ജയൻ,ഗോപൻ,ബിജു,വിനോദ് രാജ്,രാകേഷ്,ജോൺ എന്നിവർ പങ്കെടുത്തു

# കൗമാരക്കാരിയെ തട്ടിക്കൊണ്ടു പോയി പീഡനം: യുവാവിന് 20 വർഷം തടവ്

പത്തനംതിട്ട : പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച കേസിൽ ചെങ്ങന്നൂർ വെൺമണി സ്വദേശിയായ ജിജോ പി. ജയിംസിന് (26) പത്തനംതിട്ട പ്രിൻസിപ്പൽ പോക്സോ സ്പെഷൽ കോടതി 20 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ചു.

വിവാഹ വാഗ്ദാനം നൽകി പ്രലോഭിപ്പിച്ച് 16 വയസുള്ള പെൺകുട്ടിയെ പീഡനത്തിനു വിധേയയാക്കിയെന്നാണ് കേസ്. മുത്തശിയുടെ സംരക്ഷണയിൽ കഴിഞ്ഞിരുന്ന പെൺകുട്ടിയെ 2016 ഒക്ടോബറിൽ പ്രതി തട്ടിക്കൊണ്ടു പോകുകയായിരുന്നു.

തുടർന്നു പെൺകുട്ടിയെ പ്രതിയുടെ വല്യച്ഛൻറെ ചെങ്ങന്നൂർ വെൺമണിയിലുള്ള വീട്ടിൽ ഒളിപ്പിച്ചു താമസിപ്പിച്ചു പീഡനത്തിന് ഇരയാക്കി. പെൺകുട്ടിയെ കാണാതായ വിവരം മുത്തശി പെൺകുട്ടിയുടെ അമ്മയെ വിളിച്ചറിയിക്കുകയും പെൺകുട്ടിയുടെ മാതാവ് പോലീസിൽ പരാതി നൽകുകയുമായിരുന്നു.

സംഭവം പുറംലോകം അറിഞ്ഞതോടെ പ്രതിയുടെ ബന്ധുക്കളും പൊതുപ്രവർത്തകരും ചേർന്നു പെൺകുട്ടിയെ പന്തളം പോലീസിൽ ഏൽപിച്ചു . തുടർന്ന് പോലീസ് ജിജോയെ അറസ്റ്റ് ചെയ്തു.

പതിനെട്ട് സാക്ഷികൾ ഉണ്ടായിരുന്ന കേസിൻറെ വിചാരണ പൂർത്തിയാക്കിയ കോടതി ഐപിസി 376, പോക്സോ 4 എന്നീ വകുപ്പുകൾ പ്രകാരം 10 വർഷത്തെ കഠിന തടവിനും 50,000 രൂപ പിഴയും ഐപിസി 363, 366 എന്നീ വകുപ്പുകൾ പ്രകാരം അഞ്ചു വർഷം വീതം തടവും 25,000 രൂപ വീതം പിഴയും വിധിച്ചു.

363, 366 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്ന് വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. പ്രിൻസിപ്പൽ പോക്സോ ജഡ്ജ് ജയകുമാർ ജോണാണ് വിധി പ്രസ്താവിച്ചത്.

സാക്ഷിമൊഴികളും ശാസ്ത്രീയ തെളിവുകളും പ്രോസിക്യൂഷന് അനുകൂലമായ കേസിൽ പ്രിൻസിപ്പൽ പോക്സോ സ്പെഷൽ പ്രോസിക്യൂട്ടർ ജയ്സൺ മാത്യൂസ് ഹാജരായി. പന്തളം പോലീസ് ഇൻസ്പെക്ടറായിരുന്ന ആർ. സുരേഷാണ് അന്വേഷണം നടത്തിയത്.

## അഭിമുഖം 13ന്

നെടുമ്പന സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതിനുള്ള അഭിമുഖം ഒക്ടോബർ 13 രാവിലെ 10ന് മുഖത്തല ബ്ലോക്ക് പഞ്ചായത്തിൽ നടക്കും. ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും മറ്റു രേഖകളുമായി എത്തിച്ചേരണം.

# ജാക്ക് ലിഫ്റ്റിംഗ് ടെക്നോളജി; സുരക്ഷിതത്വം ഉറപ്പാക്കാൻ മാർഗനിർദേശം പുറപ്പെടുവിച്ചു: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം : കെട്ടിടങ്ങളുടെ ഉയരം കൂട്ടാനും സ്ഥാനം മാറ്റാനുമുള്ള മെക്കാനിക്കൽ ജാക്ക് ലിഫ്റ്റിംഗ് ടെക്നോളജി ഉപയോഗിക്കുവാനായി ലഭിക്കുന്ന അപേക്ഷകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാർഗിർദേശങ്ങൾ പാലിച്ചുകൊണ്ടേ നിർമാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കേരള ഹൈക്കോടതിയുടെ നിർദേശപ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകിയിരിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുമ്പോൾ കെട്ടിടത്തിന്റെ സ്ട്രച്ചറൽ ആൾടർനേഷനിൽ മാറ്റം വരുത്തുന്നതിനാൽ കെട്ടിട നിർമാണ പെർമിറ്റ് ലഭ്യമാക്കുന്നതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടെന്ന് അപേക്ഷകനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണെന്ന് മന്ത്രി പറഞ്ഞു. നിലവിലുള്ള കെട്ടിടത്തിൽ മാറ്റം വരുത്താനുള്ള അപേക്ഷകൾ ആവശ്യമായ പ്ലാനുകളും മറ്റ് അനുബന്ധരേഖകളും സഹിതം തദ്ദേശ ഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്. ആൾട്ടർനേഷനിലൂടെ കെട്ടിടത്തിനുണ്ടാവുന്ന മാറ്റങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ പ്ലാനിൽ രേഖപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. കെട്ടിട നിർമാണ ചട്ടത്തിൽ നിഷ്കർഷിക്കുന്ന രേഖകൾ കൂടാതെ, പ്രവർത്തി മൂലം കെട്ടിടത്തിന് കോട്ടം സംഭവിക്കില്ലെന്ന് സാക്ഷ്യപ്പെടുത്തുന്ന സ്ട്രക്ചറൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും അപേക്ഷയ്ക്കൊപ്പം ഉള്ളടക്കം ചെയ്യണം. അപേക്ഷകൾ സെക്രട്ടറി പരിശോധിച്ച് സമയബന്ധിതമായി പെർമിറ്റ് നൽകണം. കഴിഞ്ഞ നാളുകളിൽ കേരളം അഭിമുഖീകരിച്ച മഹാപ്രളയവും പ്രകൃതി ക്ഷോഭവും നിമിത്തം വീടുകളടക്കമുള്ള കെട്ടിടങ്ങൾ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് സുരക്ഷിതമാക്കുന്ന പശ്ചാത്തലത്തിലാണ് ഉത്തരവിറക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി

## കെൽട്രോണിൽ സീറ്റൊഴിവ്

കെൽട്രോണിന്റെ തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ ടി. വി. ജേർണലിസം കോഴ്സിൽ സീറ്റൊഴിവുണ്ട്. യോഗ്യത ഏതെങ്കിലും വിഷയത്തിൽ ബിരുദം, പ്രായപരിധി 30 വയസ്. അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 20 ന് മുമ്പ് അതാത് ഓഫീസുകളിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കാം. ഫോൺ 8137969292, 9544958182.

## ഇലക്ട്രോണിക്സ് എൻജിനിയറിംഗ് ലക്ചറർ താത്കാലിക നിയമനം

നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എൻജിനിയറിംഗ് തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നു. ബന്ധപ്പെട്ട ട്രേഡിലുള്ള ഫസ്റ്റ് ക്ലാസ് എൻജിനിയറിംഗ് ബിരുദം ആണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 11ന് രാവിലെ 10.30ന് പ്രിൻസിപ്പലിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 9947247677.

# കമ്പ്യൂട്ടർ (വേർഡ് പ്രോസസിംഗ്) പരീക്ഷ നവംബർ 15 മുതൽ

കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്) കമ്പ്യൂട്ടർ (വേർഡ് പ്രോസസിംഗ്) പരീക്ഷ നവംബർ 15 മുതൽ എൽ.ബി.എസിന്റെ കേരളത്തിലെ വിവിധ സെന്ററുകളിൽ കോവിഡ് 19 സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നടത്തും. അപേക്ഷ നൽകിയിട്ടുള്ള പരീക്ഷാർഥികൾക്ക് ംംം.ഹയരെലിൃേല.സലൃമഹമ.ഴീ്.ശി എന്ന വെബ്സൈറ്റിലെ ഗഏഠഋ2021 എന്ന ലിങ്കിലൂടെ ഓൺലൈനായി ഫീസടച്ച് സ്വീകാര്യമായ പരീക്ഷാസമയവും തിയതിയും തെരഞ്ഞെടുക്കാം. മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സമയക്രമങ്ങളിൽ ഏതെങ്കിലുമൊന്ന് സെലക്ട് ചെയ്തവർക്കു മാത്രമേ പരീക്ഷയിൽ പങ്കെടുക്കാനാകൂ. ഇത്തരത്തിൽ സമയക്രമം തിരഞ്ഞെടുത്തവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് ലഭിക്കും. ഈ രജിസ്ട്രേഷൻ സ്ലിപ്പും പരീക്ഷാഭവനിൽ നിന്നും ലഭിച്ച ഹാൾടിക്കറ്റും പരീക്ഷാ സമയത്ത് ഹാജരാക്കണം. മലയാളം ലോവർ, മലയാളം ഹയർ, ഇംഗ്ലീഷ് ലോവർ, ഇംഗ്ലീഷ് ഹയർ എന്നീ വിഷയങ്ങൾക്ക് ഇത്തരത്തിൽ പ്രത്യേകമായി സമയം തെരഞ്ഞെടുക്കണം. ഫീസടക്കാനും സമയക്രമം തെരഞ്ഞെടുക്കാനുമുള്ള അവസരം ഒക്ടോബർ 20 മുതൽ നവംബർ 10 വരെ വെബ്സൈറ്റിൽ ലഭിക്കും. പരീക്ഷാ ഫീസായി ലോവറിന് 200 രൂപയും ഹയറിന് 250 രൂപയും ആണ്. വിദ്യാർഥികൾ തെരഞ്ഞെടുത്ത പരീക്ഷാ തിയതിയും സമയവും മാറ്റി നൽകുന്നതല്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.